# ദൈവദാസൻ കുര്യാളശേരിയുടെ 125–ാം ജന്മദിനം ആഘോഷിക്കും

ചങ്ങനാശേരി: രൂപതയുടെ പ്രഥമ മെത്രാനും ആരാധനാ സന്യാസിനി സമൂഹ സ്ഥാപകനുമായ ദൈവദാസൻ തോമസ് കുര്യാളശേരിയുടെ 125-ാം ജന്മദിനം ജനുവരി ഒന്നുമുതൽ 14 വരെ വിവിധ പരിപാടികളോടെ ആഘോഷിക്കും.

കുർബാനയിലൂടെ കേരളസഭയിൽ നവീകരണം സാധ്യമാക്കുവാൻ അക്ഷീണം പരിശ്രമിച്ച ദൈവദാസൻെറ ജന്മദിനം ജനുവരി 14-നാണ്.

ഒന്നാം തീയതി വ്യാഴാഴ്ച വൈകിട്ടു 4.30 മുതൽ ദൈവദാസൻ കബറടങ്ങിയിരിക്കുന്ന മെത്രാപ്പോലീത്തൻ പള്ളിയിൽ സമൂഹാരാധനയും മധ്യസ്ഥപ്രാർഥനയും നടത്തും.

തുടർന്നു രണ്ടാംതീയതിമുതൽ ഒൻപതുവരെ വൈകിട്ട് ആറുമുതൽ ഏഴുവരെ വട്ടപ്പള്ളി ആരാധനാഭവനിലെ നിത്യാരാധന ചാപ്പലിൽ തിരുമണിക്കൂർ ആരാധനയും മധ്യസ്ഥപ്രാർഥനയും നടത്തും. അതിരൂപതയിലെ വിവിധ വൈദികശ്രേഷ്ഠർ ആരാധനകൾക്കു നേതൃത്വം നൽകും.

പത്താംതീയതി ദൈവദാസൻെറ നാമത്തിലുള്ള അമലഗിരി ബി. കെ. കോളജ് ഓഡിറ്റോറിയത്തിൽ ഉച്ചയ്ക്കു 2.30–നു ചങ്ങനാശേരി ആരാധനാ സന്യാസിനി സമൂഹത്തിൻെറ നേതൃത്വത്തിലുള്ള സമ്മേളനത്തിൽ ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ മുഖ്യ പ്രഭാഷണം നടത്തും. തുടർന്നു വിദ്യാർഥിനികളുടെ വിവിധ കലാപരിപാടികൾ.

11– നു ദൈവദാസൻെറ ജന്മനാടായ ചമ്പക്കുളത്ത് നാട്ടുകാരുടെയും സന്യാസിനി സമൂഹത്തിൻെറയും നേതൃത്വത്തിൽ ജന്മദിനാഘോഷങ്ങൾ നടത്തും.

ചമ്പക്കുളം ഓർശ്ലേം പള്ളിയിൽനിന്നും കല്ലൂർക്കാട് പള്ളിയിലേക്കു വമ്പിച്ച റാലി, വിശുദ്ധ ആരാധനകൾ, പൊതുസമ്മേളനം എന്നിവയാണു ജന്മനാട്ടിലെ പ്രത്യേക ആഘോഷപരിപാടികൾ.

യോഗത്തിൽ ദൈവദാസനെക്കുറിച്ചു സിസ്റ്റർ ബഞ്ചമിൻ മേരി, സിസ്റ്റർ ഇസ്പിരിത്ത്, സിസ്റ്റർ ജോസി എന്നിവർ ചേർന്നു രചിച്ച "ഓർമയുടെ ഓളങ്ങളിൽ" എന്ന ജീവചരിത്രപുസ്തകം ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ പ്രകാശനം ചെയ്യും.



ദൈവദാസൻ കുര്യാളശേരി

ജന്മദിനമായ 14–ന് ആലുവായിലുള്ള സെനക്കിൾ ജനറലേറ്റിലാണു പ്രധാന ആഘോഷപരിപാടികൾ നടക്കുക. കുർബാന, പ്രദക്ഷിണം, ആരാധന, പൊതുസമ്മേളനം എന്നിവയാണു പ്രത്യേക പരിപാടികൾ. കൂടാതെ നാനൂറിലധികം വരുന്ന ആരാധനാമഠങ്ങളിലും അന്നു രാവിലെമുതൽ വിശുദ്ധ ആരാധനകളും കുട്ടികൾക്കായുള്ള പ്രത്യേക മൽസരങ്ങളും നടത്തും.

1873 ജനുവരി 14–നു ചമ്പക്കുളത്തെ കുര്യാളശേരി കുടുംബത്തിലാണു ദൈവദാസൻ ഭൂജാതനായത്. മാന്നാനം സെൻറ് എഫ്രേം സ്കൂൾ, റോമിലെ പ്രൊപ്പഗാന്താ സെമിനാരി എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിനുശേഷം 1899 മേയ് 27 നു റോമിലെ സെൻറ് ജോൺ ലാറ്ററൻ ദേവാലയത്തിൽ വൈദികപട്ടം സ്വീകരിച്ചു.

1899–ൽ ചങ്ങനാശേരിയിൽ മടങ്ങിയെത്തിയ അദ്ദേഹം സെൻറ് ബർക്ക്മാൻസ് ബോർഡിംഗ് വൈസ് റെക്ടർ, എടത്വാ, ചേന്നങ്കരി, കാവാലം, ചമ്പക്കുളം പള്ളികളിൽ വികാരിയായും സേവനമനുഷ്ഠിച്ചു.

1911 ഓഗസ്റ്റ് 30–നു ദൈവദാസൻ ചങ്ങനാശേരി വികാരിയത്തിൻെറ പ്രഥമ സ്വജാതീയ വികാരി അപ്പോസ്തോലിക്കായും പെല്ലയുടെ മെത്രാനുമായി നിയമിതനായി. ഡിസംബർ മൂന്നിനു ശ്രീലങ്കയിലെ കാൻഡിയിൽ അഭിഷിക്തനായ അദ്ദേഹം 15–നു വികാരിയാത്തിൻെറ ഭരണം ഏൽക്കുകയും ചെയ്തു. 1923–ൽ വികാരിയാത്ത് രൂപതയായി ഉയർത്തപ്പെട്ടപ്പോൾ പ്രഥമ മെത്രാനുമായി.

1925 ജൂൺ രണ്ടിനു റോമിൽ ദൈവദാസൻ ദിവംഗതനായി. പ്രൊപ്പഗാന്താ സെമിത്തേരിയിൽ അടക്കം ചെയ്ത അദ്ദേഹത്തിൻെറ ഭൗതികാവശിഷ്ടങ്ങൾ പത്തു വർഷങ്ങൾക്കുശേഷം പിൻഗാമിയായ മാർ ജയിംസ് കാളാശേരി കൊണ്ടുവന്ന് 1935 ജൂലൈ 25–നു മെത്രാപ്പോലീത്തൻ പള്ളി മദ്ബഹായിൽ സംസ്കരിച്ചു.

ഉത്തമ ക്രിസ്തീയ ജീവിതത്തിനു സാക്ഷ്യം നൽകിയ ദൈവദാസൻ തോമസ് കുര്യാളശേരിയെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികളും നടന്നുവരികയാണ്.

ദൈവദാസൻെറ സുകൃതജീവിതത്തെക്കുറിച്ചു പുതിയ തലമുറയിൽ കൂടുതൽ അവബോധം സൃഷ്ടിക്കുവാൻ മെത്രാപ്പോലീത്തൻ പള്ളിക്കടുത്തു മാർ കുര്യാളശേരി മ്യൂസിയം പ്രവർത്തിച്ചുവരുന്നു.